വെൽഫെയർ സ്കൂളുകൾ.

* 472. [7] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജന ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിടം അപകടനിലയിൽ ആയതുനിമിത്തം മറ്റു വാടക കെട്ടിടങ്ങളിൽ നടത്തുന്ന വെൽഫെയർ സ്കൂളുകൾ ഏതെല്ലാം;

(ബി) ഹരിജന ക്ഷേമവകുപ്പിൽ, സ്വന്തംകെട്ടിടം നന്നാക്കുന്നതിന് ഈ സാമ്പത്തിക വർഷം തുക നീക്കിവച്ചിരുന്നുവോ; നീക്കിവച്ചിരുന്നുവെങ്കിൽ എത്ര തുക നീക്കിവച്ചു;

(സി) ഏതെല്ലാം സ്വന്തംകെട്ടിടം പണിയുന്നതിനാണ് ആ തുക ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിരുന്നത്;

(ഡി) കുളക്കട കിഴക്ക് വെൽഫെയർ സ്കൂൾകെട്ടിടം പണിയുന്നതിന് ഈ സാമ്പത്തിക വർഷം പണം നീക്കിവച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര തുക?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) (1) വെൽഫെയർ സ്കൂൾ, മണ്ണംപേരൂർ, തൃശ്ശൂർ, (2) വെൽഫെയർ സ്കൂൾ കുളക്കട കിഴക്ക്, കൊല്ലം, (3) വെൽഫെയർ സ്കൂൾ, പെരുംകുളം, കൊല്ലം, (4) വെൽഫെയർസ്കൂൾ, പനവേലി, കൊല്ലം, (5) വെൽഫെയർ സ്കൂൾ, ഈഞ്ചക്കാട്, കൊല്ലം, (6) വെൽഫെയർ സ്കൂൾ, വിളങ്ങര, കൊല്ലം.

(ബി) വച്ചിരുന്നു; 49,000 രൂപാ നീക്കിവച്ചു.

(സി) (1) വെൽഫെയർ സ്കൂൾ, മരുതാമല, തിരുവനന്തപുരം.

(2) ടി	വിളങ്ങര	കൊല്ലം.
(3) ടി	ചുനക്കര	ആലപ്പുഴ
(4) ടി	മുട്ടപ്പള്ളി	കോട്ടയം
(5) ടി	മാലേക്കാട്	എറണാകുളം
(6) ടി	ചുനങ്ങാട്	പാലക്കാട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: കുളക്കട കിഴക്ക് സ്കൂൾകെട്ടിടം അപകടനിലയിലായിട്ട് എത്രകാലമായി; ആ കെട്ടിടം പുതുക്കി പണിയുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: എല്ലാംതന്നെ പരിഹരിക്കേണ്ടതാണ്. കാലതാമസംകൂടാതെ ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കുന്നതാണ്.

ശ്രീ. ടി. കൃഷ്ണൻ: ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകളും തോറും സ്കൂളുകൾ സ്ഥാപിക്കുന്നുണ്ട്. ഇന്നത്തെ വെൽഫെയർ സ്കൂളുകൾക്ക് സ്ഥലപരിമിതിയുള്ളതുകൊണ്ട് അൽപ്പം കൂടി സ്ഥലമെടുത്ത് നിലവും വീതിയും കൂട്ടി സ്വന്തം കെട്ടിടങ്ങൾ സൗകര്യമുള്ളതാക്കിത്തീർക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതിനെ സംബന്ധിച്ച് മുമ്പുതന്നെ മറുപടി പറഞ്ഞിട്ടുണ്ട്. ഇത്തരം വെൽഫെയർ സ്കൂളുകൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലേക്ക് വിട്ടുകൊടുക്കാനുള്ള ആലോചന നടക്കുകയാണ്.

ശ്രീ. സി. എ. മാത്യു: വെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് യഥാസമയം ശമ്പളം കിട്ടാതിരിക്കുകയും സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ കിട്ടാതിരിക്കുകയും ചെയ്യുന്നതിനാൽ അതിനു പരിഹാരം കാണാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതൊരു സാധാരണ സംഭവമായി തോന്നുന്നില്ല. ആണെങ്കിലും അങ്ങനെ ശമ്പളം കിട്ടാതെയുണ്ടെങ്കിൽ വേണ്ട അന്വേഷണം നടത്തി പരിഹാരമുണ്ടാക്കാം.

പാഠ്യപുസ്തകങ്ങൾ

* 473. [8] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകളിലെ പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനും ഗവണ്മെന്റ് എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിലും അവ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിലും കാലതാമസം മറ്റു കുഴപ്പങ്ങൾ ഇവ വരാതിരിക്കാൻ ഗവണ്മെന്റു പ്രത്യേക നിഷ്കർഷ കാണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) അടുത്ത വർഷത്തെ പാഠപുസ്തകങ്ങൾ തക്കസമയത്തു അച്ചടിച്ചു വിതരണം ചെയ്യുന്നതിന് ഗവണ്മെന്റു വേണ്ട നടപടികൾ എടുത്തുകഴിഞ്ഞു.

പാഠ്യപുസ്തകങ്ങൾ മാറുന്ന സമ്പ്രദായം.

* 474. [9] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964–65–ൽ ഏതെങ്കിലും ക്ലാസ്സുകളിലെ ടെക്സ്റ്റ് ബുക്ക് മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) കൂടെക്കൂടെ പാഠ്യപുസ്തകങ്ങൾ മാറുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്താൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്;

(ബി) സ്റ്റാൻഡേർഡ് 5–ലെ ഇംഗ്ലീഷ് റീഡർ, സ്റ്റാൻഡേർഡ് 7–ലെ മലയാളം, തമിഴ്, കന്നട, അറബിക്, സംസ്കൃതം, ഹിന്ദി എന്നീ റീഡറുകൾ, മാത്തമാറ്റിക്സ്, ജനറൽ സയൻസ്. സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങളിലെ പുസ്തകങ്ങൾ, സ്റ്റാൻഡേർഡ് 9–ലെ ഇംഗ്ലീഷ് റീഡർ, നാൺഡീറെയിൽഡും, സ്റ്റാൻഡാർഡ് 10–ലെ ഹിന്ദി, സ്റ്റാൻഡാർഡ് 5 മുതൽ 10 വരെയുള്ള തമിഴ് നാൺഡീറെയിൽഡ്.

(സി) സിലബസ്സിൽ മാറ്റം വന്നതുകൊണ്ടാണ് പുസ്തകങ്ങൾ മാറേണ്ടിവന്നത്. നാൺഡീറെയിൽഡ് മൂന്നു കൊല്ലത്തിൽ ഒരിക്കലാണ് മാറ്റുന്നത്.

ശ്രീ. സി. എ. മാത്യു: അടുത്ത അദ്ധ്യയനവർഷത്തിൽ വിദേശസഹായം ലഭിക്കുന്നതനുസരിച്ച് സാമ്പത്തികശേഷി ഇല്ലാത്ത കുട്ടികൾക്കു സൗജന്യമായി പുസ്തകങ്ങൾ വിതരണം ചെയ്യാൻ സാധിക്കുമെന്നു പത്ര റിപ്പോർട്ടുകൾ കണ്ടു. അങ്ങനെ സഹായം ലഭിച്ചിട്ടുണ്ടോ, ആരാണ് സഹായം നൽകാമെന്നു സമ്മതിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly